(ഡി) റാങ്ക് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

(ഇ) ഇതിൽ ആദ്യ റാങ്കുകാരൻ റിപ്പോർട്ട് ചെയ്യാതിരുന്നതിനാൽ രണ്ടാം റാങ്കുകാരന് മെമ്മോ അയച്ചുവെങ്കിലും രണ്ടാം റാങ്കുകാരനും റിപ്പോർട്ട് ചെയ്തിട്ടില്ല.

പ്രവാസി ദിനം ആഘോഷിക്കുന്നതിനുള്ള ചെലവ്

50 (7347) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ അധികാരമേറ്റശേഷം പ്രവാസി ദിനം കൊണ്ടാടുന്നതിന് ഓരോവർഷവും എത്ര രൂപ വീതം ചെലവഴിച്ചു ; വിശദമാക്കുമോ ?

ഉത്തരം

സംസ്ഥാന സർക്കാർ പ്രവാസി ദിനം കൊണ്ടാടുന്നില്ല. എന്നാൽ മഹാത്മാഗാന്ധി സൗത്ത് ആഫ്രിക്കയിലെ പ്രവാസി ജീവിതം അവസാനിപ്പിച്ച് ഇന്ത്യയിൽ തിരികെയെത്തിയ ജനുവരി 9 പ്രവാസി ദിനമായി കേന്ദ്ര സർക്കാർ ആചരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഏതെങ്കിലും ഒരു സംസ്ഥാന സർക്കാരുമായി ചേർന്ന് 2003 മുതൽ ജനുവരി 7,8,9 തീയതികളിൽ കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം പ്രവാസി ഭാരതീയ ദിവസ് എന്ന പരിപാടി ആചരിക്കുന്നുണ്ട്. ഇതിൽ സംസ്ഥാന സർക്കാരും പങ്കെടുത്തുവരുന്നുണ്ട്. 2013-ലെ പ്രവാസി ഭാരതീയ ദിവസ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിലെ പരിപാടികളിൽ സ്റ്റേറ്റ് സെഷൻ സംഘടിപ്പിക്കുകയും സംസ്ഥാന പവലിയൻ ക്രമീകരിച്ചും സംസ്ഥാന സർക്കാർ പങ്കെടുക്കുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിന് പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാർ ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. പ്രവാസി ഭാരതീയ ദിവസ് 2012 (ജയ്പൂർ) (കെ.എസ്.ഐ.ഡി.സി. മുഖേന) - Rs. 40,00,000 (നാൽപ്പത് ലക്ഷം രൂപ).
2. സംസ്ഥാന ഗവൺമെന്റ് ആതിഥേയത്വം വഹിച്ച പ്രവാസി ഭാരതീയ ദിവസ് 2013 (കൊച്ചി) (നോർക്ക റൂട്ട്സ് മുഖേന) - Rs. 2,72,52,337 (രണ്ടുകോടി എഴുപത്തിരണ്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി മുന്നൂറ്റിമുപ്പത്തിയേഴ് രൂപ).
3. പ്രവാസി ഭാരതീയ ദിവസ് 2014 (ഡൽഹി) (നോർക്ക റൂട്ട്സ് മുഖേന) - Rs. 62,00,000 (അറുപത്തിരണ്ട് ലക്ഷം രൂപ).

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly